മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നതുമൂലമുള്ള ഭീഷണി

175 (T*4461) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുന്നതുമൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടായ വ്യതിയാനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുന്നതുമൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടാകുന്ന വ്യതിയാനം പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിലെ ഇക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ നിരീക്ഷിച്ചുവരുന്നു.

ജലസംരക്ഷണത്തിനായി നടപടികൾ

176 (4462) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത കാര്യത്തിനായി നാളിതുവരെ പാലക്കാട് ജില്ലയിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നദികളും കുളങ്ങളും വർദ്ധിച്ച തോതിൽ മലിനപ്പെട്ട കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) ഏറ്റവും കൂടുതൽ കുളങ്ങൾ മലിനപ്പെട്ടത് പാലക്കാട് ജില്ലയിലാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി എത്ര രൂപ ചെലവഴിച്ചു?

ഉത്തരം

(എ) ജലസേചന വകുപ്പ്

ജല സംരക്ഷണം ലക്ഷ്യമിട്ട് നദീതട/നീർത്തട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും പദ്ധതികൾ നടപ്പിലാക്കിവരുന്നു. "ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി" , "കുളം നവീകരണ-പുനരുദ്ധാരണ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി" എന്നീ പദ്ധതികളിലൂടെയാണ് ഇവ നടപ്പിലാക്കിവരുന്നത്. ജലസംരക്ഷണം ലക്ഷ്യമിട്ട് തടയണകളും നിർമ്മിച്ചുവരുന്നു.

ഭൂജല വകുപ്പ്

ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി പ്രകാരം ഭൂജലവിതാനം കുറഞ്ഞ സ്ഥലങ്ങളിൽ ഭൂജല സംപോഷണം നടത്തിവരുന്നു. തടയണകൾ, അടിയണകൾ, ഊറ്റ കിണറുകൾവഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു.

ഇതുകൂടാതെ, ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂജല ചൂഷണം കൂടിയതും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ബ്ലോക്കുകളിലെ കിണറുകൾക്ക് പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി

കടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന നദികളിൽ വേനൽക്കാലത്തും ജലലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി തടയണകൾ കെട്ടി സംരക്ഷിക്കുന്നുണ്ട്. കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി കിണർ, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയുടെ ചെളി നീക്കം ചെയ്യുകയും ലീഡിംഗ് ചാനലിന്റെ നീളം കൂട്ടുക, ആഴം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ജലസംരക്ഷണത്തിനായി ജലസേചന വകുപ്പ് ഏകദേശം 34.07 കോടി രൂപയും ഭൂജല വകുപ്പ് 26,23,233 രൂപയും കേരള വാട്ടർ അതോറിറ്റി 3,49,95,577 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം. കോഴിക്കോട് കേരളത്തിലെ നദികളിലെ മലിനീകരണ പരിശോധന നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly